ഇക്കാര്യങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

അന്യസംസ്ഥാനത്തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ നടപടി

189 (1894) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾക്കെതിരെ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ബി) ഇങ്ങനെ ജോലി തേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും എന്തെങ്കിലും നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിൽപ്പിന്നെ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന എത്ര ക്രിമിനൽ കേസ്സുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ; ഇതിൽ എത്ര കൊലപാതകക്കേസ്സുകൾ ഉണ്ടെന്ന് പ്രത്യേകം വിവരിക്കുമോ ?

ഉത്തരം

(എ) കുറ്റകൃത്യങ്ങളിലേർപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചു വരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ചു വരുന്നുണ്ട്. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും അന്യസംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നുമുതൽ ജോലി ചെയ്യുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്കായി ചുമതല പ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 1322 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 78 കൊലപാതക കേസ്സുകൾ ഉൾപ്പെടുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്ര അഗ്നിബാധ

190 (1895) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രം തീപിടുത്തവുമായി ബന്ധപ്പെട്ട് നിലവിൽ അന്വേഷണം നടത്തി വരുന്നുണ്ടോ ;

(ബി) എങ്കിൽ അന്വേഷണത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം അറിയിക്കുമോ ;

(സി) പ്രസ്തുത അന്വേഷണത്തിൻമേൽ വെളിപ്പെടുത്താവുന്ന വിവരങ്ങൾ വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി ഈ അന്വേഷണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്ര തീപിടുത്തവുമായി ബന്ധപ്പെട്ട അടൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2000/2014 എന്ന കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും Cr.No.8/CR/OCW-I/TVPM/2015 ആയി റീ-നമ്പർ ചെയ്ത് OCW-1 പത്തനംതിട്ട സബ് യൂണിറ്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly